അനന്തരം മസ്കരെഞ്ഞാ കിഴക്കെ ദിക്കുകളിൽ ജയങ്ങളെ സമ്പാദി
ച്ചു പുറപ്പെട്ടു മുമ്പെ കൊല്ലത്തിൽ എത്തിയപ്പോൾ പറങ്കികൾ അ
വനെ ഉപരാജാവെന്നു കൈക്കൊണ്ടു — പിന്നെ കൊച്ചിത്തു
ക്കിൽ എത്തിയാറെ (ഫ്രെഷെ പെദ്രു ഫു) ഭണ്ഡാരപ്രമാണിയാ
യ മെശിയ പടജ്ജനത്തെ അയച്ചു കോട്ടപ്പുറത്തിരുത്തി — ഞാൻ തു
രായിപ്പാൻ മാത്രം പള്ളിപ്രവെശിക്കട്ടെ എന്നു മസ്കരെഞ്ഞാ
അപെക്ഷിച്ചു നിരായുധനായി തോണിക്കിൽ വന്നണഞ്ഞാറെ
മെശിയ അവനെ ഒന്നു വെട്ടിച്ചു അവനും മുറിപ്പെട്ടു കപ്പൽ കൊ
ഗൊവക്കിലെക്ക ഓടി — അവിടെ നിന്നു വാസ്സ അവനെ കാണാതെ
കണ്ണനൂർക്ക ഒട്ടുവാൻ കല്പിച്ചു അവൻ വിരോധം പറഞ്ഞാറെ ച
ങ്ങല ഇട്ടുവിച്ചു കപ്പലെറ്റി കണ്ണനൂർ തുറുക്കിൽ അടച്ചുവെ
പ്പിക്കയും ചെയ്തു — അവിടെ ഇടച്ചൽ പരന്നു മുഴുത്തപ്പോൾ പ്ര
ഞ്ചിസ്കൊ ആ ദെസൂസ കൊച്ചിക്കൽ പള്ളിക്കിൽനിന്നു തന്നെ വസ്സിന്റെ
പക്ഷത്തെ ഉറപ്പിച്ചു മറുപക്ഷത്തെ ശപിക്കയും ചെയ്തു — എന്നാ
റെ പലർക്കും ഇതു സഹ്യം എന്നു തോന്നി — വസ്സ നടക്കുന്നത് എല്ലാം.
സാഹസം അത്രെ എന്നു വെച്ചു മുമ്പെ കണ്ണനൂർ തലവന്മാർ എ
ല്ലാം മസ്കരെഞ്ഞാവെ തടവിൽനിന്നു വരുത്തി ഉപരാജാവെന്നു
മാനിച്ചു പള്ളിക്കിലും ക്രിസ്ത്യ അയനൊടു സത്യവും സമയവും ചെ
യ്തു കൊലത്തിരിക്കും കാഴ്ചകൾ വരികയും ചെയ്തു — (ജൂലാ
ഹി) — ഒടുക്കം കലശലും ദൂഷണവും നാടെങ്ങും മാനഹാനിയും
അധികം പെരുകി വന്നാറെ മഹാജനങ്ങൾ ഇരുവരും സമ്മ

ദ്ധ്യസ്ഥരെക്കൊണ്ടു നമ്മ പറങ്കികളെ ഒക്കെണം എന്ന വെച്ചു കൊച്ചി
യിൽ കൂടി ഇരുപ്പുറവും വലർ പടെക്ക കൊപ്പിട്ടും തൊക്കുകളെ
നിറെച്ചും പൊർവിളി കെൾപ്പിച്ചും പൊരുന്ന കാലം മദ്ധ്യസ്ഥർ പ
റങ്കിയിൽ കൂടി മുക്കുവരും കൊച്ചിക്കാരെ ഭയപ്പെട്ടു വസ്സിന്ന
തന്നെ വാഴുവാൻ അവകാശം എന്നു വിധിക്കയും ചെയ്തു — ഇവ്വ
ണ്ണം കിഴ്ക്കയാക മെന്നമസ്കരെഞാമുമ്പിൽ കൂടി ഉറപ്പിച്ചു
തന്റെ സാമാൻ എല്ലാം ഒരു കപ്പലിൽ അടക്കി പാഞ്ഞു വിധിക്ക
കൊകൊട്ടുടനെ പൊൎത്തുഗാലിന്നാമാറു യാത്രയാകയും ചെയ്തു —
(൧൫൨൪)—

ഇങ്ങിനെ ഉണ്ടായതെല്ലാം താമൂതിരി കണ്ടു പറങ്കികൾക്ക
ഉറാറും കൊന്ന അതിവരുത്തും എന്നു വിചാരിച്ചു വെണാട്ടി
ലും കൊയലനാട്ടിലും പട്ടരെനിയൊഗിച്ചു തൊല്ലവും കണ്ണന്നൂരും
പിടിച്ചടക്കുവാൻ ഇത് സമയം എന്ന ബൊദ്ധ്യം വരുത്തുവാൻ
ശ്രമിച്ചു — കണ്ണനൂരിലെ ചൊനകരും മട്ടിയാതെ താമൂതിരിക്ക
തുണയാവാൻ നൊക്കി — അതുകൊണ്ടു ദെസാകപ്പിത്താൻ മംഗ
ലൂരൊളം ഒരു അണവിടെ ചില നാശങ്ങളെ ചെയ്തു — കൊഴി
ക്കൊട്ടു പടക്കകളെ കണ്ടു ജുട്ടുകയും ചെയ്തു — ചിന്നകുട്ടിയാ
ലിന്നും പടകമായി എതിൎത്തോരെ ദെസാതാൻ അവന്റെ ഉരുവി
ൽ കെറി അവനെ മുറി എല്പിച്ചു അവനും കടലിൽ ചാടിയാറെ വ
ലിച്ചെടുപ്പിച്ചു ശെഷം പടക്കകളെ ഒക്കെയും പിടിച്ചടക്കി (ഉദ്യ
മാച്ച) കുട്ടിയാലി കെട്ടുവിപ്പാൻ ൫൦൦ പൊൻ പണ്ടാക്കും മറ്റും
കണ്ണനൂർ മാപ്പിളളമാർ കൊടുക്കെണ്ടിവന്നു — അവരെ കുറെ
നതൊട്ടു ഇനി പറങ്കികളൊട്ടു പട വെട്ടുകയില്ല എന്നു സത്യം ചെ
ചെയ്കയും ചെയ്തു — ചൊനകർ അതിശം എറി ധൎമ്മപട്ടണക്കാരനാ
യ ഹസ്സൻ കുട്ടിയാലിയെ ആശ്രയിച്ചു മഴക്കാലം കൊണ്ടു — ന
പടകൊളും ചെയ്ത കൊട്ടയാൽ വസ്സു തന്നെ പുറപ്പെട്ടു (അകത

ഡ്വാ ഷൂസിമലെക്കു നെരെ മാററാനെ തണ്ടു കാറ്റു ശമിച്ചതുടനെ
ആ പടകും തണ്ടു വലിച്ചു കപ്പലുകളെ ചുററികൊണ്ടു കൊളിയ
പടവെട്ടി വസ്ത്രകപ്പിത്തായന്മാരുടെ ഉപെക്ഷയാൽ ചിലപ്പോൾ പ
ടിപ്പെട്ടു ശത്രുവെ മടക്കിയെക്കും ഒരു പടകിനെ പിടിച്ചു ചില
തിനെ മുക്കി ശെഷിച്ചവരെ ഒടിച്ചു — അന്നു മുതൽ ഇങ്ക്ലന്തർ ഫ്രാ
ൻസരിലും മികവു പെറ്റു പൊരുകയാൽ വടക്കെ മഹാസമുദ്രങ്ങളിൽ
യുദ്ധഭാവങ്ങൾ ശമിച്ചു പൊയി —

ഭൂമിശാസ്ത്രം

യുരൊപഖണ്ഡം

പ്രകൃതിവിശെഷങ്ങൾ

താണനാടുകൾ

യുരൊപയിലെ താണനാടുകളുടെ വിസ്താരം ൨ലക്ഷം ചതുരശ്ര
യൊജനയിൽ അധികമാകുന്നു — ആ ഖണ്ഡത്തിന്റെ മുക്കാലംശം
തന്നെ താണഭൂമി തെക്കപടിഞ്ഞാറെ അംശത്തിൽ മുഖ്യമായ
താണദെശങ്ങൾ പാദുനദി കടെകിട്ടാൽ പ്രദെശമായ ലംഗബൎദ്ദ
നാട്ടും ദനുവനദി ഒഴുകുന്ന ഉംഗ്രൊ മൊല്ദവലക്യ നാട്ടുകളും ത
ന്നെ — ഇവയല്ലാതെ സ്വിസ്സ — ഇതല്യ — ഗൎമ്മാന്യ രാജ്യങ്ങളിൽ പല
നദിപ്രവാഹങ്ങളും താഴ്വരകളും കുഴിനാട്ടുകളുമായി ചിതറികിട
ക്കുന്നു — യുരൊപഖണ്ഡത്തിന്റെ അതിവിസ്താരമായ താണഭൂ
മി ഉത്തരപരത്തെ അംശങ്ങളിൽ തന്നെ വടക്കിഴക്കൊട്ടു ഹിമസ
മുദ്രം ബല്ത്യകടൽ കടലുകൾ ഗൎമ്മാന്യകടൽ മലപ്രദെശം ഇങ്ക്ലീഷ്
ഇടകടൽ അത്ലന്തമലകൾ ബിസ്കയ്യസമുദ്രം സെവെന്നാദിപ
ൎവ്വതങ്ങൾ ഇവ എല്ലാം അതിരുകളാക്കി ഊരാൽ മലയിൽനി
ന്നു രുസ്സ്യ — വടക്കെ ഗൎമ്മാന്യ — ദെന — ഹൊല്ലന്ത — ഫ്രാഞ്ചി രാജ്യ
ങ്ങളുടെ തെക്കപടിഞ്ഞാറാക്കി പിരനയ്യമലകളൊളം ചെ
ന്നെത്തികിടക്കുന്നു — രുസ്സ്യരാജ്യത്തിൽ ഉയരം കുറഞ്ഞ ഒരു കു

നപ്രദെശങ്ങളെ ഇന്നമഹാവിശാലമായ താണഭൂമിയിൽ ഉ ഉമലക്കാരൊൻ ഇല്ല— ആ കുന്നപ്രദെശത്തിൽനിന്നത്രെ കാനദികൾ ഉത്ഭവിച്ചുന്നവറ്റിൽ വൊല്ഗ—ദൊൻ—ഡ്നെപർ മുതലായവ കിഴക്കെതെക്കൊട്ടൊഴുകി കസ്പ്യകരികടലുകളിലും നിമൻ—ദ്വിന—ദ്വിനാനദികൾ വടക്കപടിഞ്ഞാറൊട്ടു പ്രവഹിച്ചു ബല്ത്യ—ഹിമകടലുകളിലും ചെന്നുകൂടുന്നു—യുരൊപ്യ സരസ്സുകളിൽ പ്രധാനമായവ രുസ്യരാജ്യത്തിലെ ലദൊഗാ—ഒനെഗാസരസ്സുകളും സ്വെദ്യരാജ്യത്തിന്റെ തെക്കെ തിരിലെ ബൊദൻസരസ്സും സ്വിച്ച ദെശത്തിലെ ഗെനെവ—ചൂരിൿ മുതലായ സരസ്സുകളും തന്നെ—യുരൊപ്യദ്വിപാവസ്ഥയെ അതതു രാജ്യവിവരങ്ങളൊടു ചെൎത്തു പറയും—

൩, യുരൊപഖണ്ഡത്തിന്റെ വിഭാഗം

രാജ്യവിവരത്തിന്നു വെണ്ടി യുരൊപഖണ്ഡത്തെ ചില അംശങ്ങളാക്കി ഭാഗിക്കുന്നത് ആവശ്യം തന്നെ—ആ അംശങ്ങളാവിതു—

൧, തെക്കെ യുരൊപ

അതിൽ സ്പാന്യ—ഇതല്യ—യവന അൎദ്ധദ്വീപുകളും അവറ്റൊടു ചെൎന്ന തുരുത്തികളും അടങ്ങിയിരിക്കുന്നു—

൨, നടുയുരൊപ

അതിൽ ഉൾപ്പെട്ട രാജ്യങ്ങൾ ഔസ്ത്രിയക്കൈസരുടെ സ്വാധീനത്തിലെ ഉംഗ്ര—തല്മാത്യ—ബൊഹെമ്യമുതലായ നാടുകളും—ഗൎമ്മാന്യ—സ്വിച്ച്—ഹൊല്ലന്ത്—ബെല്ഗ്യ—ഫ്രാഞ്ചി രാജ്യങ്ങളും തന്നെ—

൩, വടക്കെ യുരൊപ

അതിന്റെ അംശങ്ങൾ ഇങ്ക്ലിഷ്—ദെന—ശ്വെദൻ രാജ്യങ്ങൾ അത്രെ—

൪, കിഴക്കെ യുരൊപ

അതിൽ മഹാരുസ്യരാജ്യം മാത്രം അടങ്ങിയിരിക്കുന്നു—

F. Müller. Editor.

പശ്ചിമോദയം

൮, നമ്പ്ര   തലശ്ശെരി   ൧൮൫൧ ആഗുസ്ത്

കേരളപഴമ

൪൯, പുറക്കാട്ടടികളെ ശിക്ഷിച്ചതു

ഒട്ടിമലയരികിൽ ജയിച്ചശെഷം വസ്കെ തെക്കൊട്ട് ഒടി ചെററുവായിൽ കരയ മുമ്പെ ഉണ്ടായ അതിക്രമത്തിന്നുത്തരം ചെയ്തുകൊണ്ടു — അവിടെയിയകള്ളിനൊയർ അതിമുഖത്തെ നൂക്കിച്ചതാമൂതിരിയുടെ പടക്കാരെ പെടിപ്പിച്ചുപൊരുമ്പൊൾ ഫ്രെഞ്ചി സെസ്തി അസംഗതിയായിട്ടു കിഴക്കൻ കാറ്റു കെമമായടിച്ചു ചിലപടകും മുങ്ങി മുങ്ങാഞ്ഞില്ലത്ര കരെക്കണഞ്ഞു പൊയവറെ അതിൽകണ്ട പറങ്കികളെ ഒക്കെയും നാട്ടുകാർ കൊന്നുകളഞ്ഞു — അതുകൊണ്ടു വസ്കൊ ചെററുവായിൽ കരെക്കിറങ്ങി ഊരെ ഭസ്മമാക്കി — പിന്നെ പെരിമ്പടപ്പു കൊല്ലങ്ങളൂരെ രണ്ടകങ്ങവാൻ പ്രയാസപ്പെടുന്നതിനൊടു താമൂതിരി ചെയ്തു തുറവഴിയായടയെ ചെയ്കയാൽ വസ്കും കൂടെ അവിടെ ഒടി ശത്രുക്കളെ തടുപ്പാൻ ഒരൊന്നിനെ ഉപദെശിച്ചു താൻ പുറക്കാട്ടിലെക്ക യാത്രയാകയും ചെയ്തു — അവിടെ വാഴുന്ന അടികൾ പറങ്കികളുടെ വലിയാക്കു മഞ്ഞെ പ്രകാരം മീതൽ പറഞ്ഞുവല്ലൊ (൪൩൩. ൧൫൧.) - ദ്രൊഹിയെ ശിക്ഷിപ്പാൻ നല്ലതഞ്ഞും വന്നതു വസ്കു അഞ്ഞൂറാടികളും നായന്മാരും ഒരു പടക്കായി കിഴക്കൊട്ടു പുറപ്പെട്ടശെഷം പടകള തെക്കെ അറ്റത്ത് നഗരത്തിന്നു വെള്ളവും ചളിയും നല്ല ഉറപ്പും വരുത്തിയതിലും പറങ്കികൾ കടന്നു കയറി കൊട്ടാരത്തെ വളഞ്ഞു അടുപ്പിട്ടിക്കാർ കാവൽസ്ഥലരതിച്ചു പൊന്നും വെള്ളിയും തൊക്കും മറ്റും ഭണ്ഡാരങ്ങളെ ഒക്കയും കൈക്കലാക്കി അടികളുടെ ദാരങ്ങളെയും പെണ്ണുങ്ങളെയും പിടിച്ചുകൊണ്ടു പൊകയും ചെയ്തു പ്രദിഷ്ഠിത്തെ ൫ ആയിരം പൊൻപട്ടകാണം വെളുത്ത ഗളിൽ ഒരൊരുവന്നു ഹിം പൊൻ പന്താങ്കൊളള കൂടെ അംശമാക്കി കൊട്ടി തൃപ്തന്നു ഒലക്കുതെളിയും സാധിച്ചുവന്നകൊള്ളുന്നു — നഗരത്തിന്നു തീ കൊടുത്തു തെങ്ങും മുറിച്ചു തൽപിന്നെ പറങ്കികൾ കപ്പലെറി കണ്ണനൂർക്ക് ഒട്ടുകയും ചെയ്തു — അവിടെ

അവസ്ഥ തന്റെ മരുമകനായ മെല്ലൊം എന്നവനെ നിരൂപിച്ചു മാടമ്പൊഴിച്ചി
ൽ ൧൭ പടകൾ താഴ്ത്തി തിരിക്കുള്ളതിനെ അടക്കിച്ചു വെച്ചിരിക്കിലും പടക്കാ
രനായാടിച്ചു ജനങ്ങളെ നിഗ്രഹിച്ചു മാടമ്പി എന്നു പേരെ ദർപ്പിക്കകും ചെയ്തു—

ഇങ്ങിനെ മലയാളത്തിരുന്ന പൊരാട്ടം ബൊൾ വസ്ക ഛുവടത്തെ മറക്കാതെ വി
ശെഷാൽ കരകളെ ഗോവയിൽ കടത്തിച്ചു അവിടുന്നു മുസല്മാൻ ഛായക്കാ
രൊടും രായർക്കും വിരൊധമുള്ള ദ്രവ്യം സമ്പാദിച്ചു കൊട്ടകളെക്കും മറ്റും ക്ഷാമമാക്കുവാ
നിച്ചു പൊരുമ്പോൾ (൧൫൨൪) ഒന്നു തുറമുഖങ്ങളാ പൊർത്തുഗാലിൽ നിന്നു കാ
ണ്ണനൂരിൽ എത്തി (൧൫൨൫) കൊട്ടയിൽ വരാതെ മുമ്പസ്ഥാനം തനിക്കുള്ള
പ്രകാരം വന്നിരിക്കിച്ചു അവൻ ഉടനെ തോണിയിൽ കയറി കൊച്ചി
ക്കു പൊയപ്പോൾ കപ്പലിൽ വെച്ചു— ക്ഷത്രാധർമ്മത്തിന്നു മുമ്പെ തന്റെ ത
ച്ചുകൊണ്ടു കൂടക്കാർ നൂറിലും പൊന്നിക്കിലും ഉണ്ടായ പടകളിൽ ചെന്നു യ
ശസ്സ് ഉണ്ടാക്കിയവൻ തന്നെ— ആയവൻ വസ്കിന്റെ ഷിലകാരവൃക്ഷങ്ങളെ അറി
ഞ്ഞു രാജ്യകാര്യങ്ങൾ പ്രകാരം വിസ്തരിച്ചു ഒടുക്കം അവനെ തടവിലാക്കുകയും ചെ
യ്തു— മസ്കരെഞ്ഞാ വെഷിടുത്തി ത്തുക്കിലാക്കി അതിന്നു ഉവണ്ണം ശിക്ഷ സംഭവിച്ചു—
(൧൫൨൬) അവനെ പൊർത്തുഗാലിലേക്കയച്ചു അവിടെയും വിസ്താരം കഴി
ച്ചു ശെഷം മൂന്നു വർഷത്തെക്ക് മുമ്പുള്ള മാസപ്പടിയും മസ്കരെഞ്ഞാവിന്നു
കൊടുക്കെണമെന്നു വിധി ഉണ്ടായി— അന്നു മുമ്പന്റെ ശമ്പളം ഒരാണ്ടെക്ക് ൧൦൦൦൦
വരാഹൻ അത്രെ— പറങ്കിക്കോട്ടിൽ നിന്നു സാധിച്ചു കൊള്ളയാൽ ആയ പണം കൊടു
ക്കുന്നതിന്നൊട്ടും വിഷമം ഉണ്ടായില്ല താനും— അനന്തരം പറങ്കിക്കോട്ടിൽ കടന്ന
ഒവൊട്ടുക്കാൻ മയ പൈക്കിച്ചു വകുരെദ്രവ്യവും കൊടുത്തു ദാരങ്ങളെക്കും പെ
ങ്ങളെയും ചിന്നു കൊണ്ടു അന്നു മുതൽ ഭേദം വരാതെ പൊർത്തുഗാലിന്നു
മിത്രമായി പൊന്നു— ൧൬൬൩ മത്തിൽ പിന്നെ ഹൊല്ലന്തർ കൊച്ചിയെ പിടിച്ചു
മലയാളത്തിൽ പൊർത്തുഗാൽ വാഴ്ച ഒടുക്കിക്കും കാലത്തിലും പറങ്കിക്കോട്ടക്കാർ വ
ക്കിക്കട്ട് പിന്തുണയാകി പൊരാടിയ പ്രകാരം കൊരൊപ്പ്യന്മാർ ഞങ്ങൾ ഉണ്ടു—

ഭൂമിശാസ്ത്രം

യുരോപഖണ്ഡം

രാജ്യവിഭാഗം

൧. യുരൊപ്പ

സ്പാന്യ-(പിരനെക്ഷ)-അൎദ്ധദ്വീപു

അതിന്റെ അതിരുകൾ കിഴക്കും തെക്കും പടിഞ്ഞാറും മദ്ധ്യതറന്യ-അത്തലന്തിക സമുദ്രങ്ങൾ-വടക്കു പ്രാഞ്ചി രാജ്യം വിസ്താരം ഏകദേശം ൧൮൦൦൦ ചതുരശ്രയൊജന-അതിൽ സ്പാന്യ പൊൎത്തുഗാൽ എന്നി രണ്ടു രാജ്യങ്ങളും തെക്കെ അററത്തിലെ ജെബെൽതാരിൿ (ഗിബ്രാല്താർ) എന്ന ഇങ്ക്ലിഷ്കാൎക്കു സ്വാധീനമായ കൊട്ടയും അടങ്ങിയിരിക്കുന്നു-ഭൂപ്രകൃതിവിശെഷങ്ങളെ മീത്തൽ പറഞ്ഞുവല്ലൊ—

൧, സ്പാന്യരാജ്യം

ഇപ്പൊഴത്തെ സ്പാന്യരാജ്യം ൧൪൬൯ാമതിൽ-അറ്റാൻ ക്രമത്താലെ കസ്തില്യ-അറഗൊൻ-നവറ, ഗ്രനദ രാജ്യങ്ങൾ ഒന്നായി ചെൎന്നുവന്നതിനാൽ ഉണ്ടായത്-അതിന്റെ വിസ്താരം ൯൦൦൦ ചതുരശ്രയൊജന-ഏകദേശം വൎഷത്തിന്നു മുമ്പെ രാജാവു മുമ്പെ അ രാജ്യവിഭാഗം ഓരൊ രാജ്യങ്ങൾ പ്രകാരമല്ലാം ൧൪ ഖണ്ഡങ്ങളാക്കിയും ചെയ്തു-നിവാസികളുടെ സംഖ്യ-൧ കൊടിയിൽ പരം ൬ ലക്ഷത്തി൦൦൦൦൦ ആകുന്നു-അവർ പുരാണനിവാസികളാലും കാലക്രമെണ അൎദ്ധദ്വീപിൽ വന്നു കുടിയെറിയ കെല്ത-രൊമ-ഗൊഥ്യാന അറവിക്കാരികളാലും ഉടകലൎന്നു വന്നതുകൊണ്ടു അവരുടെ ഭാഷ ലത്തീനഭാഷയുടെ ഒരു ശാഖ എങ്കിലും മെൽപറഞ്ഞ ജാതികളുടെ ഭാഷകളിൽനിന്നു പലവാക്കുകൾ കൂടിചെൎന്ന മിശ്രഭാഷ തന്നെ-ചില യഹൂദന്മാർ ഒഴികെ സ്പാന്യരെല്ലാവരും രൊമക്രിസ്ത്യാനർ തന്നെ-സഭാവാഴ്ചയെ നടത്തുന്നവ൯ മെലദ്ധ്യക്ഷന്മാർ തൊലെദൊ-സന്ത്യഗൊ-ബുൎഗൊസ്സ്-ജരഗൊജ-തറഗൊന-വലെഞ്ച്യ-സെവില്ല-മലഗാ എന്നി നഗരങ്ങളിൽ വസിച്ചുവരുന്നവരാകുന്നു-ജനങ്ങളെ രൊമദാസ്യത്തിലും അജ്ഞാനത്തിലും വളൎത്തി രാജധനവും പ്രജാസ്വാതന്ത്ര്യവും സ്വാധീനമാക്കിക്കൊണ്ടിരുന്നു-അല്പം ചില വൎഷം മുമ്പെ മാത്രം സ്പാന്യർ രൊമപാപ്പാവിന്റെ അധികാരത്തിൽനിന്നു വിട്ടുപൊവാൻ വട്ടം കൂട്ടി ചിലതിൽ സാദ്ധ്യം വരു

ത്തിക്കും ചെയ്തു- രാജ്യനിലം മിക്കവാറും സർവ്വസ്വവും കയ്യിനസ്വയം ആക്കി
കൊണ്ടു ത്രമിപ്പിച്ചതു നിലനിന്നു കിടക്കുന്നു- പ്രയത്നക്കാർ ദിവസേന
പിരിച്ചു കൊണ്ടു തന്നെ ആയവരുടെ മുതൽ വർദ്ധിപ്പിപ്പാൻ മിശ്രമിച്ചു ഗ്രഹി
ക്കയില്ലല്ലൊ- ചില അംശങ്ങളിൽ മാത്രം പലവിധയാത്രങ്ങളിലും ഫലവൃ
ക്ഷാദികളിലും ഗ്രാമാവലികളിലും ക്ഷാമം ഇല്ലയൊൻ ഘോരക്ഷാരാജ്യ
ത്തിലെങ്ങും കഷ്ടിച്ചു കിടക്കുന്നു- സാരമുള്ള കരകൾ പ്രകാരങ്ങളെപ്പോൾ
കൊവർക്കും പ്രധാനമാകുന്നു- പലരിക്കരകളിൽ കന്നുകാലികളെ
രക്ഷിക്കാതെ പ്രജകൾ ആട്ടുകളെ മാത്രമെ പൊറ്റുന്നുള്ളു- കാടന്മാർ വാസി
കൾ ഇതിൽ പിടിച്ചു കൊണ്ടു തങ്ങളും ഒരു ലാഭം ഉണ്ടാക്കി വരുന്നു- ഈ ക്ഷാമം ചെ
ന്ന് ഇതിന് ഈ സമയം കാലവും വിളഞ്ഞു കിടക്കുന്ന സ്ഥലം രാജ്യത്തിൽ
പണ്ടുവളരെ ഉണ്ടായിരുന്നു- എങ്കിലും അമെരിക്കാഖണ്ഡം അറിഞ്ഞു
വളരെ സ്വർണ്ണഭൂമികൾ സ്പാന്യരുടെ സ്വാധീനത്തിൽ വന്നനാൾ മുതൽ മെ
ൽ പറഞ്ഞ ലോഹങ്ങളെ കുഴിച്ചെടുപ്പാൻ ജനങ്ങൾ താല്പര്യം കുറ
ഞ്ഞു പൊയി- അമെരിക്കനാട്ടുകൾ മിക്കതും സ്പാന്യരുടെ വശം വിട്ടു പൊ
യതിനാൽ ഇപ്പൊൾ ആയവ കാലവശത്തെ അധഃപതനത്തിൽ പിന്നെയും അല്പം
ഉത്സാഹം കാണുന്നുണ്ടു- തൊഴിലിൽ സ്പാന്യക്കാർ അസാധാരണക്കാർ
കൊണ്ടു പ്രജകൾ പലതരം വസ്ത്രങ്ങളെ പുറനാട്ടിൽ നിന്ന് വരുത്തേണ്ടി
വരുന്നു- ഈ കഴിഞ്ഞ ൩൦൦ സംവത്സരങ്ങളിൽ കൂടക്കൂടെ അതിക്രമി
ച്ചുവന്ന രാജ്യച്ഛിദ്രങ്ങളും അമെരിക്കനാട്ടുകളുടെ നഷ്ടവും നിമിത്തം പ
ണ്ടു സർവ്വരാജ്യങ്ങളിലും വ്യാപിച്ചു വൻ കച്ചവടം താണു തുറമുഖങ്ങളുള്ള
ചില പട്ടണങ്ങളിൽ മാത്രം കുറെ ശോഭിച്ചു നടക്കുന്നു- സ്പാന്യക്കാർ ഉദ്യോഗശാ
ലകൾ ഉണ്ടെങ്കിലും രൊമപട്ടണക്കാരുടെ വാഴ്ച ഹേതുവായി പ്രജകളിൽ ഒക്കെ
ദുശംശയം ശംസിദ്ധികൾ കണ്ണും പറക്കാതെ മൂഢന്മാരായി പാൎക്കുന്നു- അ
തകൊണ്ടു പലദോഷങ്ങളും രാജ്യത്തിൽ അതിക്രമിച്ചു നടക്കുന്നു- ൫൦൦. സ്പാ
ന്യരിൽ ഒരുവൻ കുലപാതകൻ തന്നെ —

സ്പാന്യരാജ്യധർമ്മത്തിൽ രാജ്യസംഘത്തോടും ചെന്ന ഒക്കശാസന

പ്രധാനം — രാജ്യസംഘത്തിൽ ഒരംശം രാജാവു നിശ്ചയിക്കു
ന്ന കുലശ്രെഷ്ഠന്മാർ — മറെറ അംശം പ്രജാനിയുക്തന്മാർ ആകു
ന്നു — രാജാവിൻ കല്പനയാലെ അവർ ആവശ്യം പൊ
ലമന്ത്രിതിൽ യൊഗം കൂടി കാൎയ്യാദികളെ നിരൂപിച്ചു രാജ്യ
വ്യവസ്ഥാപ്രകാരം ആവശ്യം തൊന്നാത്ത വെപ്പുകളെ നീക്കി
പുതിയത് ഒരൊന്നു കല്പിച്ചു വ്യവസ്ഥയാക്കുകയും ചെയ്യുന്നു —
സംപ്രതിപതികളെന്ന മന്ത്രികളെ കൊണ്ടു രാജ്യത്തിലെങ്ങും ന
ടത്തുവാനും — നെരും ന്യായവും പരിപാലിപ്പാനും — പരനാട്ടുകാ
രൊടു യുദ്ധവും സന്ധിയും കഴിപ്പാനും രാജാവിന്നു ന്യായം —
രാജ്യാംശങ്ങളിൽ വ്യവസ്ഥകളെ ക്രമം പൊലെ നടത്തെണ്ടതി
ന്നു ൧൰ പാലവാഴികളും അവരുടെ താഴെ പലസ്ഥാനികളും ഉ
ണ്ടു — ആയവർ മന്ത്രികൾക്കും മന്ത്രികൾ രാജ്യസംഘത്തിന്നും ത
ങ്ങളുടെ ക്രിയകളുടെ കണക്കു ബൊധിപ്പിക്കെണ്ടു —

ആയവ്യയങ്ങളുടെ വിശെഷങ്ങൾ സ്പാന്യരാജ്യത്തിൽ
വളരെ സങ്കടമായി കിടക്കുന്നു — ഒരു വൎഷത്തിലെ വരവു ഏക
ദെശം കൂട്ടി കൊടിയിൽ പരം ൭൫൦൦൦൦ ഉറുപ്പിക ചിലവു
ണ്ടു — രാജ്യക്കടം സംവത്സരം തൊറും വൎദ്ധിച്ചുവരുന്നതെ ഉള്ളു
അന്നിപ്പൊൾ ഏകദെശം ൧൰ കൊടിയിൽ പരം ൭൫൦൦൦൦
ഉറുപ്പികയൊളം വൎദ്ധിച്ചുവന്നിരിക്കുന്നു — രാജ്യപരിപാ
ലനത്തിന്ന വെണ്ടുന്ന സൈന്യസംഖ്യ ൯൦൦൦൦ — അവർ വടക്കും
പടിഞ്ഞാറും അതിരുകളിൽ കിടക്കുന്ന കൊട്ടകളിലും മറ്റും
ചിതറി വസിക്കുന്നു — സ്പാന്യരുടെ കപ്പൽബലം ക്ഷയിച്ചു
൨൦ പടകപ്പലുകളെ ഉള്ളു — ഫെറൊൽ — കൎത്തഗെന എ
ന്നിരണ്ടു തുറമുഖങ്ങളിൽ വിഭാഗിച്ചു കിടക്കുന്നു —

സ്പാന്യരാജ്യത്തിൽ ൧൪൫ വലിയ പട്ടണങ്ങളും ൪൰൦ം
നഗരങ്ങളും ഊരുകളും ൧൨൰൦ം ഗ്രാമങ്ങളും ഉണ്ടു — പട്ടണ

ങ്ങളിൽവിശിഷ്ടമായവരാജ്യത്തിന്റെനടുവിൽകിടക്കുന്ന
മദ്രിദ് ൨൦൰൦൦൦നിവാസികൾ—അതിന്റെതന്നെരാജധാനി—
കിഴക്കെകടപ്പുറത്തുള്ളബൎസ്സെലൊന ൧൫൰൦൦൦നിവാസികൾ—
വലെഞ്ച്യ—൬൬൰൦൦൦നിവാസികൾ—തെക്കെഅംശത്തിൽ
ഉള്ളസെവില്ല ൯൦൦൦൦നിവാസികൾ—ഗ്രനദ ൮൰൦൦൦നിവാ
സികൾ—കാദിശ്കൊട്ട ൭൦൦൦൦നിവാസികൾ—മലഗാ—൫൰൦൦൦
നിവാസികൾമറ്റുമാകുന്നു—

സ്പാന്യരാജ്യത്തൊടുചെൎന്നദ്വീപുകളിൽ ബെലെയാര
പിത്തൂസ്—ഇവറ്റിൽ കിഴക്കെകരെസമീപത്ത്മദ്ധ്യതറ
ന്ന്യാഴിയിലും—കനാൎയ്യദ്വീപുകൾ അത്ലാന്തികസമുദ്രത്തി
ലും കിടക്കുന്നു—ബെലെയാരപിത്തൂസ്ദ്വീപുകളുടെവിസ്താരം
൮൫ ദെശം ൩ം ചതുരശ്രയൊജന—നിവാസികളുടെസംഖ്യ ൨൫
ക ദെശം ൨൫൰൦൦൦—കനാൎയ്യദ്വീപുകളുടെവിസ്താരം ൧൭ കദെശം
൭൩ം ചതുരശ്രയൊജന—നിവാസികൾ ൨൦൦൦൦൦—

F. Müller Editor.

1922 G 9992

നമ്പ്ര ഒന്നിന്ന — പശ്ചിമോദയം — ൧ വൎഷവില
൩ പൈ നമ്പ്ര — തലശ്ശെരി — ൧൮൪൯ ദിസെമ്പ്ര

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൧൭ ദക്ഷിണഖണ്ഡവും ലങ്കാദ്വീപും (തുടൎച്ച)

൧ — ലങ്കാദ്വീപു ഭാരതഖണ്ഡത്തിന്റെ തെക്കെ തുടൎച്ചയത്രെ ആകുന്നു രാമനാഥപുരത്തിന്നു കിഴക്കാരാമെശ്വരം മുതലായ തുരുത്തികൾ ദ്വീപിനെ ദക്ഷിണഖണ്ഡത്തോടു ഒരു പാലം പോലെ ചെൎത്തിരിക്കുന്നു — ഏകദെശം ൨൦ കാതം വിസ്താരമുള്ള മന്നാറു ഉൾക്കടൽ ആ ചെറുതുരുത്തികളുടെയും ലങ്കാദ്വീപിന്റെയും നടുവിൽ രണ്ടു ഭൂമികളെ വെൎതിരിച്ചുള്ള ഇടക്കടലാകുന്നു കന്യാകുമാരിയിൽനിന്നു ലങ്കാദ്വീപോളം ൩൦ കാതം ദൂരം ഉണ്ടു ഇതിനെ ഈ ദ്വീപു ബങ്കാളസമുദ്രത്തിന്റെ തെക്കെ പ്രവെശനത്തിൽ ഒരു കോഴിമുട്ടയുടെ ആകൃതിയുണ്ടു ഏകദെശം ൭൫ കാതം നീളവും ൩൫ കാതം വീതിയും ൨൦൦ കാതം ചുറ്റളവും ൨൫൦൦൦ മാത്രം യൊജന വിസ്താരവുമായി ൧൫ ലക്ഷം നിവാസികളോടും കൂടെ ഹിന്തുസമുദ്രത്തിൽനിന്നു പൊങ്ങിനില്ക്കുന്നു —

ദ്വീപിന്റെ കടപ്പുറങ്ങൾ പലവിധമാകുന്നു തെക്കും കിഴക്കും തെക്കുപടിഞ്ഞാറും മലകളും പാറകളും കടപ്പുറത്തോളം നീണ്ടുനില്ക്കകൊണ്ടു തെക്കെ അംശത്തിൽ വിശെഷമായ തുറമുഖങ്ങൾ പുറക്കെ മെയ്യുള്ളവ വടക്കെ അംശത്തിലുള്ള കടപ്പുറങ്ങളുടെ അവസ്ഥ വെറെ — ദെശം മിക്കതും താണഭൂമിയാകകൊണ്ടു പലദിക്കിലും കടൽ കരകൾ നാട്ടകം പുക്ക വലിയ കപ്പലുകൾക്കു പ്രവെശത്തിന്നു ഇപ്പൊൾ തുറമുഖങ്ങൾ ആയിരിക്കുന്നു — മഹാവല്ലിഗംഗ മുതലായ നദികൾ സമുദ്രത്തിൽ ചെരുന്ന അഴിമുഖങ്ങളിലും കപ്പലുകൾ അണഞ്ഞുനില്ക്കുന്നതിന്നു ചില സ്ഥലങ്ങൾ ഉണ്ടു അവറ്റിൽ ത്രിക്കൊണമലത്തുറമുഖം വിശെഷമായതു — ദ്വീപിന്റെ വടക്കെ കരസമീപത്തുള്ള ചെറുതുരുത്തികളിൽ കല്പന്തി — മണ്ണാറു — യാഴ്പാണം എന്നിവ മുഖ്യപ്രധാനം —

ദ്വീപിന്റെ തെക്കെ അംശത്തിൽ ഏകദെശം ൧൫ കാതം നീളവും ൧൦ കാതം

വീതിയുമായമലനാട്ടുവലശിഖരങ്ങളൊട്ടുംശാഖകളൊട്ടുംകൂടനാലുദിക്കിലുംവ്യാ
ാപിച്ചിരിക്കുന്നതിന്റെചുറ്റിലും ൨൰-൫ കാതംവീതിയുള്ളൊരുപ്രദെശംപല
ഉന്നതാസ്ഥലങ്ങളൊട്ടുംകൂടത്തിന്റെഅടിയായിനിന്നൊരൊപുഴകളെകട
ല്പുരത്തെക്കൊഴയച്ചുവിടുന്നതിൻപുറമെയുള്ളദെശംതാണുംഭിന്നമായുംവ
ലവിധെനകടലൊളംഎത്തികിടക്കുന്നു—മലപ്രദെശത്തിലെമുഖ്യമായശിഖര
ങ്ങൾ ൮൦൦൦ കാലടിഉയരമുള്ളനാമഗ്ഗിരികണ്ടിയുംഅതിന്റെസമീപത്തി
ങ്കൽ ൭൦൦൦ കാലടിഉയൎന്നിരിക്കുന്നസമനെല്ലയുംതന്നെസമനെല്ലക്കുന്ദ്രിവാ
ദംഎന്നവെരുംനടപ്പായിവന്നിരിക്കുന്നതിന്റെകാരണംവണ്ടലകാഷിയി
ൽഅനെകദുഷ്ടങ്ങളുംക്രൂരസൎപ്പങ്ങളുംനിറഞ്ഞുവാഴുംകൊണ്ടിരുന്നപ്പൊൾ
വിഷ്ണുഇവകെക്കനിക്കംവരുത്തുവാൻനിശ്ചയിച്ചുബുദ്ധനായിഅവതരിച്ചു
ഭയങ്കരമായഭൂകമ്പത്തൊടുംഇടികളൊട്ടുംകൂടലങ്കയിൽഇറങ്ങിദുഷ്ടങ്ങളെ
ഉച്ചാടിച്ചുരാജ്യഭ്രംശംവരുത്തിബൌദ്ധമതംജനങ്ങളൊടുവെളിപ്പിച്ചുനട
ത്തിരാജാവിന്റെപ്രാൎത്ഥനയാലെസമനെല്ലമലകയറിപാരമെൽചവിട്ടി
സ്വമതക്കാൎക്കതിരുകാലിന്റെരൂപംആശ്രയസ്ഥാനമാക്കികൊടുക്കയുംചെ
യ്തു—ഈപഴമഅനുസരിച്ചുഅനെകബൌദ്ധന്മാർസംവത്സരംതൊറുംആമല
കയറികാഴ്ചവെച്ചുഉത്സവംകൊണ്ടാടിലങ്കാദ്വീപിൽവിശുദ്ധഭൂമിസമനെ
ല്ലമലതന്നെഎന്നുപ്രമാണിച്ചുകൊണ്ടിരിക്കുന്നു—ആമലപ്രദെശത്തിൽനി
ന്നുഉത്ഭവിച്ചുനാലുദിക്കിലെക്കുംഒഴുകിചെല്ലുന്നനദികളിൽതൃക്കൊണമല
സമീപത്തുസമുദ്രത്തിൽകൂടുന്നമഹാവെല്ലഗംഗയുംകളുമ്പുപട്ടണത്തിന്നരി
കിൽവെച്ചുകടലൊടുചെരുന്നകലാനിഗംഗയുംകല്ത്തുറനഗരസമീപത്തിങ്ക
ൽആഴിയെപ്രാപിക്കുന്നകാൾഗംഗയുംപ്രധാനം—
ദ്വീപിലെഉല്പത്തികൾപലവിധമാകുന്നു—മലകളിൽനിന്നുംപുഴമണ്ണിൽനി
ന്നുംപൊൻവെള്ളിഇരിമ്പുമുതലായലൊഹങ്ങളെയുംഎടുക്കുന്നതുമല്ലാ
തെവലദിക്കിൽനിന്നുംഒരൊവിധംരത്നങ്ങളെയുംകണ്ടുകിട്ടിവരുന്നുജില്ലാ
ത്തൂടങ്ങിവടക്കെമട്ടുമന്നാറുകായ്ക്കുണംചാനാപിപ്പനൊളുകളുള്ളകടൽകൈ
കളിൽനിന്നുസമ്പാദിപ്പാൻവെണ്ടുന്നഇഷ്ടംപിടിച്ചെടുക്കുന്നു—രാജാക്ക

Ci XIV 285

യാക്കും മഹാലൊകൎക്കും ഭൂഷണങ്ങളായി ശൊഭിക്കുന്ന മുത്തുകളും ലങ്കാദ്വീ
പിന്റെ വടക്കെപടിഞ്ഞാറെ കടലിൽനിന്ന എടുത്തുവരുന്നു — ഫലവൃക്ഷങ്ങളി
ൽ തെങ്ങ — കഴുങ്ങ പിലാവു മരവും പ്രധാനം വിശെഷമായും ഒന്നല്ലതന്നെ പല
വിധം കിഴങ്ങുകളും കരിമ്പും ഇവകൾ അല്ലാതെ വിലാത്തിക്കാർ ദ്വീപിൽ വന്ന
സമയം മുതൽ കാപ്പി — കറുപ്പ — പുകയില — നാരങ്ങ — ജാതിക്കായി — മുളക മുതല
ായ ഫലങ്ങളും പല സുഗന്ധദ്രവ്യങ്ങളും അത്യന്തം വൎദ്ധിച്ചുവരുന്നിരിക്കുന്നു — പട്ടു
നൂൽ — പരുത്തി — വക്ക എന്ന വസ്ത്രസാധനങ്ങളെ കൊണ്ടുള്ള ഉദ്യൊഗം വളരെ അവി
ടെ നടക്കുന്നു — കാട്ടുമൃഗങ്ങളിൽ ആന — പൊത്ത — കാട്ടുപന്നി മുതലായതും നാട്ടി
ൽ ആടു പശു ആദികളും പ്രധാനം പുഴകളിൽ മീൻകൂട്ടവും നാട്ടിൽ സൎപ്പജാ
തികളും പെരുകി വസിക്കുന്നതു മല്ലാതെ ഒരുവക ഞെട്ട എന്നും പറയുന്ന പ്രത്യെകം
വഴിപൊക്കരെ അത്യന്തം ഉപദ്രവിക്കുന്നു —

ലങ്കാദ്വീപിലെ വിശിഷ്ടനഗരങ്ങളും ഊരുകളും മിക്കവാറും ചുറ്റുമുള്ള കട
ൽപുറങ്ങളിൽ തന്നെ ആകുന്നു —

മണ്ണാറു — കതിരമല എന്ന ചെറുതുരുത്തികളിൽനിന്ന അല്പം വടക്കൊട്ട ഏകദെ
ശം ൧൫ കാതം നീളമുള്ള കല്പന്തി എന്ന അൎദ്ധദ്വീപു വിലത്രമുഖങ്ങളൊട്ടും കൂ
ടവടക്കൊട്ടുതന്നെ നീണ്ടുകിടക്കുന്നു നിവാസികളുടെ മുഖ്യപ്രവൃത്തി കൃഷിയും
മീൻപിടിയും തന്നെ ചിലർ തെങ്ങ ഉണക്കമീൻ മുതലായ ചരക്കുകളെ കൂടെ
പട്ടണത്തിലെക്കും മറ്റും തൊണിവഴിയായി കൊണ്ടുപൊയി കച്ചൊടം നടത്തുന്നു —
പുട്ടലം എന്ന കൊട്ടയിലും അങ്ങാടിയിലും ഉള്ള ജനങ്ങൾ മിക്കതും മലയാളികളും
തമിഴരും തന്നെ അവർ കപ്പി മുളക തുടങ്ങിയും മറ്റും തൊണികളിൽ കയ
റ്റി തിരുനെൽവെലി മുതലായ ദെശങ്ങളിൽ കൊണ്ടുപൊയി വിറ്റും അവി
ടെനിന്ന പല ചരക്കുകളെ വാങ്ങി കൊണ്ടുവന്നും കച്ചവടം ചെയ്തു ഉപജീവനം ക
ഴിക്കുന്നു —

അവിടെനിന്ന അല്പം തെക്ക ചളിസ്ഥലങ്ങളുടെ നടുവിൽ ഉള്ളതാകുന്ന അൎദ്ധദ്വീ
പിമെൽ ജില്ലയായ എന്ന ചെറിയ നഗരം മലയാളികൾക്ക പാൎക്കുന്ന ദെശത്തിന്റെ
തെക്കെ അതിരായി കിടക്കുന്നു — [illegible] ദരിദ്രന്മാരാകുന്നു.

ബ്രാഹ്മണരൊ കൊട്ടയത്തിങ്കിലുള്ള പുരാണക്ഷെത്രങ്ങളിൽ വന്നിരുന്നിഷ്ടമായ്ക്കട്ടുത്ത ഉപ
ജീവനം കഴിച്ചുകൊണ്ടിരിക്കുന്നു—കായമെല്ലുനദിയുടെ തെക്കെക്കരമെൽ നാഗംഭു
ങ്കൊട്ടതെങ്കാഴ്ചങ്ങളും കുരുക്കാപ്പി കുരുമുളക് ആദികൾ വെളുത്തിനതൊട്ടങ്ങളുടെ നടു
വിൽ വിളങ്ങി നില്ക്കുന്നു നിവാസികൾ മിക്കവാറും ഹൊളന്തരുടെ സന്തതികൾ അവരു
ടെ പ്രവൃത്തി ക്രയവിക്രയങ്ങൾ തന്നെ—

മലപ്രദേശത്തിൽനിന്നു പടിഞ്ഞാറൊട്ടു ഒഴുകുന്ന കലാവണിഗംഗയുടെ അഴിമുഖത്തു
തന്നെ ശുഭതൊട്ടത്തിന്നു സമമായ ഭൂമിയിൽ കുളമ്പു എന്ന പ്രധാനപട്ടണം—ഇങ്കി
ലീഷ ഗവൎണ്ണർ അദ്ധ്യക്ഷൻ മുതലായ സ്ഥാനികളുടെ വാസമാകും ഇതിന്റെ ന
ഗരത്തിന്നു സാദൃശ്യമായും നില്ക്കുന്നു അവിടെ വസിക്കുന്ന ഹൊല്ലന്തർ പൊൎത്തു
ഗീസർ ഇങ്കിലിഷ്കാർ എന്നീ വകക്കാരെയും പട്ടാളങ്ങളെയും മറ്റും എല്ലാം കൂട്ടിക
ൽ നിവാസികളുടെ സംഖ്യ ഏകദേശം ൫൦൦൦൦ ആയിരിക്കും. നിസ്താരമുള്ള
തുറമുഖത്തിൽ സംവത്സരംതൊറും ൩൦൦—൪൦൦ കപ്പലുകളും ... വന്നു
ഞ്ഞുവന്നു ചരക്കുകളെ ഇറക്കി കയറ്റി ഒടുകയും ചെയ്യുന്നതുകൊണ്ടു അവിടെ ന
ടക്കുന്ന കച്ചവടം അല്പം അല്ല എന്നറിയാം സിംഹളർ പാൎക്കുന്ന പട്ടണങ്ങളിൽ
നാം ഞങ്ങൊടിക്കും പെട്ടന്നു വെൾ—

കുളമ്പിൽനിന്നു ഏകദെശം ൭൦ കാതം വഴി തെക്കൊട്ടു പൊയാൽ ...
ദ്വീപിന്റെ തെക്കെ കടപ്പുറത്തു തന്നെ നില്ക്കുന്നു ...
ടെ ഉണ്ടാക കൊണ്ടു കൊട്ടെക്ക വളരെ കീൎത്തി വന്നു അവിടെ പാൎക്കുന്ന ചില
ഹൊല്ലന്തർ അല്ലാതെ നിവാസികൾ എല്ലാവരും സിംഹളർ തന്നെ—

പുന്തൊഗാലയിൽനിന്നു ദ്വീപിന്റെ തെക്കെമൂലെക്കു ... കടപ്പുറ
ത്തു കൊണ്ടു മലപർവ്വതങ്ങളുള്ള ഭൂമി പലവിധ ഫലവൃക്ഷങ്ങൾ ... മുതലാ
യ മൃഗങ്ങൾ നിറഞ്ഞ കാടുകൾ പല ബൌദ്ധക്ഷെത്രങ്ങൾ ഉന്നതകുന്നുകൾ കാടുക
ൾ തുറമുഖങ്ങൾ എന്നിവയെകൊണ്ടു ശൊഭിക്കുന്ന ചില നഗരങ്ങൾ മദ്ധ്യ
രക്ഷം ദെവന്തുറം— തങ്കനയും പരിഗാലൊവും തന്നെ

ആകാശനിലം (തുടൎച്ച)

ജലവായും എന്നീ ൟ ആകാശം ഉണ്ടു— അതു ... സകലസാധനങ്ങ

ഇല്ലം ചലനം കുറഞ്ഞു — സാധാരണാകാശത്തിന്റെ ചലനം എന്തെന്നു ചോദിച്ചാൽ ഒരു കുപ്പി നിറയെ വെള്ളവും ൧ കുപ്പിയിലെ ആകാശത്തോട് ഒക്കുമ്പൊൾ ഇന്നാകാശം നിറഞ്ഞ ഒരു കുപ്പി ൧൪ കുപ്പി ജലവായുവൊടു സമമായി നില്ക്കും — ഇങ്ങനെ ഉള്ള ജലവായു ൭൦ വർഷത്തിന്നു മുമ്പെ രസവാദികൾ കണ്ടുകിട്ടിയതിന്റെ ശെഷം കുട്ടികൾ കടലാവണക്കിന്റെ ചാറുകൊണ്ടു പൊക്കള ഊതി ഉണ്ടാക്കുന്നതു പൊലെ ഒരുത്തൻ ജലവായുവെ ഊതി പൊക്കളയിൽ നിറെച്ചാൽ അതി വെഗത്തിൽ ആകാശത്തിൽ കയറിപ്പൊകും എന്നും കണ്ടിരിക്കുന്നു — അതിന്റെ ശെഷം പറിന്ത്രിസ്സായ മൊം ഗൊൽഫ്യ തുണി കൊണ്ടു ൧൦൦ മുളം ചുറ്റളവുള്ള പന്തുണ്ടാക്കി കടലാസ്സു കൊണ്ടു പൊതിഞ്ഞു പുൽത്തിയുടെ പുകയും നിറച്ചു കെട്ടപ്പൊൾ വന്നു കെട്ടിയ കയറ് അറുത്തു ഉടനെ അത് ആറായിരം അടി ഉയരത്തൊളം കരെറി എങ്കിലും തുണിയുടെ പഴുതുകൾ സൂക്ഷ്മമായി അടഞ്ഞിട്ടില്ലായ്കകൊണ്ടു പുറമെ ഉള്ള ആകാശം ഉള്ളിൽ കടന്നു നിറഞ്ഞപ്പൊൾ ആ ക്രമത്താലെ ചലനം കുറെഞ്ഞു വീണു പൊയി —

ആയത എല്ലാ രാജ്യക്കാരും അറിയെണ്ടതിന്നു വർത്തമാനക്കടലാസ്സുകളിൽ വിവരമായി വച്ചെഴുതിയതിന്റെ ശെഷം ശാൾസ എന്ന പറീസിലെ ശാസ്ത്രി പട്ടുകൊണ്ടു ഒരു ചെറിയ പന്ത് ഉണ്ടാക്കി അരക്കു കഷായത്തിൽ ഗൊന്തു ചെർത്തു അച്ചു പുറമെ തെച്ചു ഉള്ളിൽ ജലവായുവെ നിറെച്ചു പറീസിൽ നിന്നു പറപ്പിച്ചു (൧൭൮൩ ക്രിസ്താബ്ദം) — ആയതു ൪ നാഴികയകം ൨൦൦൦ അടി ഉയരം ഉള്ള മെഘങ്ങളിൽ കരെറി മറഞ്ഞു പിന്നെ നാഴിക കഴിഞ്ഞ ശെഷം ൪ കാതം ദൂരത്തു ചെന്നു വീണു — അതിനാൽ ശാസ്ത്രികൾക്കും അല്പം സന്തൊഷം വന്നപ്പൊൾ പഴുതുകൾ എല്ലാം ഒത്രയും സൂക്ഷിച്ചടെക്കുന്ന ഒരു തെപ്പു അന്വെഷിച്ചു — അപ്രകാരം ഒരുത്തൻ ഉണ്ടാക്കി ഒരു ചെറിയ പന്തിന്മെൽ തെച്ചു ജലവായുവെ നിറെച്ചടെച്ചപ്പൊൾ പന്തു വീട്ടിന്റെ അകത്തു നിന്നായന്തു മച്ചൊടു ചെന്നു മുട്ടി ൩ മാസം വീഴാതെ പാർത്തു — എന്നാറെ പതിക്കയില്ലായ്കയാൽ അതിനെ പുറത്തു കൊണ്ടുവന്നപ്പൊൾ അതിനെ കെട്ടിയ കയറ് അറുത്തപ്പൊൾ വന്നു മെല്പെട്ടു പറന്നു പൊയി മടങ്ങി വീണു കണ്ടതും ഇല്ല —

അതിന്നു മുമ്പിൽ ഒരുത്തനും പന്തൊടു കൂടി ആകാശത്തിൽ കരെറി പൊയില്ല — അപ്പൊൾ മൊം ഗൊൽഫ്യ ഫ്രാഞ്ചി രാജാവിന്റെ സന്തൊഷത്തിന്നായി ഒരു ദിവസം

ഒരൊട്ടകൊഴിവത്തിനു കൃസ്തിനെയും ഒരു കൊട്ടയിൽ ആക്കി പനൊട്ടു വെച്ചു കെട്ടി പ
രപ്പിച്ചു അവരും പരിസപട്ടണത്തിന്ന ഒരു കാതം ദൂരെ വിനഹാനി ഒന്നും കൂടാതെ
വരികയും ചെയ്തു — വഴിയിൽ വെച്ചു കണ്ടതും ഗ്രഹിച്ചതും മാത്രം ഒന്നും അറിവാറായില്ല
— അതുകൊണ്ടു രൊഗ്യർ എന്ന വിദ്വാൻ ഘനം ഏറുന്ന ഒരു പാത്തിയെ പനൊട്ടു വെച്ചു
കെട്ടി താൻ അതിൽ ഇരുന്ന മെല്പെട്ടു കയറുവാൻ തുനിഞ്ഞു — എങ്കിലും ൯൦൦ അടി ഉയര
ത്തിൽ അധികം കയറിക്കൂടാത എന്നു കണ്ടിക്കയാൽ കുറഞ്ഞൊരു നെരം പാൎത്തു കയറു
വലിപ്പിച്ചതിനാൽ ഇറങ്ങി വരികയും ചെയ്തു — ഇതുവും പൊരാ എന്നു വെച്ചു രൊഗ്യരും
ഡെയ്ഷമുളെല്ലാരു പ്രഭുവും കൂടി പിന്നെയും പാത്തിയിൽ കയറി ഇരുന്നു പത്തിനെ
നിലത്തൊട്ടു വെച്ചുകെട്ടാതെ മെല്പെട്ടു പറപ്പിച്ചപ്പൊൾ — അവർ ഒരു നാഴികെ
ക്കുള്ളിൽ ശീതം അധികമുള്ള മാൎഗ്ഗത്തൊളം കരെറി കാറ്റിനാൽ കിഴക്കൊട്ടു നടന്നു കാ
തം വഴി ദൂരം ഒടിചെന്നു ഇറങ്ങി വരികയും ചെയ്തു —— ഇതു സാധിച്ചതു ൧൭൮൩
ആമത നവമ്പ്രമാസം ൨൧ാം തിയതിയിൽ തന്നെ —

കെരളപഴമ

൬൭. മാനവെൽ രാജാവ് ഒന്നാം

രാജ്യാധികാരിയെ കെരളത്തിലെക്കു നിയൊഗിച്ചതു —

പശെക്കുന്യ വരസ് മുതലായവർ മടങ്ങി വന്നു കെരള വൎത്തമാനം അറിയിച്ചു കാൎയ്യബൊ
ധം വരുത്തിയപ്പൊൾ — മാനവെൽ രാജാവ് വിചാരിച്ചു കൊഴിക്കൊട്ടു മൂലസ്ഥാനമാ
യിട്ടു നടക്കുന്ന കച്ചവടത്തിന്നു മൂന്നു ആശ്രയസ്ഥാനങ്ങൾ ഉണ്ടു എന്നു കണ്ടു മൂന്നിനെ
യും പിടിച്ചടക്കി മുസല്മാന്മാരെ ഒട്ടും ഹിന്തുകടലിൽ ഓടക്കെണം എന്നു നിശ്ചയി
ച്ചു — ആ മൂന്ന് എതെന്നാൽ കൊഴിക്കൊട്ടുനിന്നു പടിഞ്ഞാറൊട്ടു പൊകുന്ന ചരക്കു
കൾക്കു രണ്ടു തുറമുഖം ഒന്ന അറവിക്കരയിലുള്ള അദൻ പാറ — മറെറതു പാ
സികടൽ വായിലുള്ള ഹൊൎമ്മുജ് തുരുത്തി — യുരൊപയിൽ വരുന്ന സകല ഹിന്തുദെശി
ന ചരക്കുകളും ആ രണ്ടു വഴിയായിട്ടത്രെ മിസ്രയിലെ അദനെ വിട്ടു ചെങ്കടലൂടെ അ
ലക്സന്ത്രിയ നഗരത്തൊളവും മിസ്രയിലെ ഹൊൎമ്മുജ് വെസരയിലും കൂടി ബെരുതത്തൊളവും
മുസല്മാനർ കൊണ്ടു പൊന്നു വെച്ചു ആ രണ്ടു സ്ഥലങ്ങളിൽ വന്നു കൂടുന്ന വെനെത്യ
മുതലായ ഇതല്യ കച്ചവടക്കാൎക്കു അവർ വില്ക്കും — ശെഷം കച്ചവട വഴി കൊ



ഴിക്കോട്ടിനെ വിട്ടു ഗുജരാത്തിൻ വഴിയായി മലാക്കയിൽ ചെല്ലുക മലാക്കയിൽ വരുന്ന ചീനക്കാരോടു ചരക്കുകളെ വാങ്ങി ചോഴമണ്ഡലം വങ്കാളം മുതലായ ദേശങ്ങളിലും കൊണ്ടുപോക — അതുകൊണ്ടു കോഴിക്കോട്ടിന്നു പടിഞ്ഞാറ് അദൻ പട്ടണവും വടക്കെ ഹൊൎമ്മുജും കിഴക്കു മലാക്കയും താമസം കൂടാതെ കൈക്കൽ ആക്കിയാൽ മുസല്മാനരുടെ കച്ചവടത്തിന്നു കാലാവധി വന്നു കൂടും എന്നു രാജസഭയിൽ തന്നെ തോന്നി — അവരുടെ ലാഭങ്ങൾക്കു നഷ്ടം വന്നു പോകും എന്നു കണ്ടാറെ അറവികൾ മിസ്രയിൽ വാഴുന്ന സുല്ത്താൻ ചൊൽഹസ്സനെ ചെന്നു കണ്ടു തിരുമുമ്പിൽ കിഞ്ചിൽ പണം വെച്ചു വൊളം അവരെ ശിക്ഷിക്കും നിങ്ങൾ തോക്കും പടയും തന്നയച്ചു തന്നാൽ മക്കത്തിന്നുള്ള കച്ചവടം രക്ഷിച്ചു പറങ്കികളെ നീക്കേണമെ നിങ്ങൾ അല്ലോ കാബത്തെ കാക്കുന്നവൻ എന്നയാചിച്ചപ്പോൾ — സുല്ത്താൻ യുദ്ധത്തിന്നായി ഒരുമ്പെട്ടു പറങ്കികൾ മക്കയാത്രക്കു മുടക്കം വരുത്തുന്നവരല്ലോ നാമൊ യരുശലെം യാത്രക്കു മുടക്കം വരുത്താം പറങ്കികൾ വിരോധം തീരുന്നില്ല എങ്കിൽ നാം യരുശലെമിലുള്ള ക്രൂശപള്ളി ഇടിച്ചു നിലത്തോടു സമമാക്കി ഈ നാടുകളിലെ സകല നസ്രാണികളെയും നിഗ്രഹിച്ചു ഇസ്ലാമിൽ ചേൎക്കും എന്നു ഭയപ്പെടുത്തി പാപ്പാസന്നിധാനത്തിൽ അറിയിച്ചു — അതുകൊണ്ടു പാപ്പാ മാനുവെൽ രാജാവോടു ചോദിച്ചതാവിതു നിങ്ങൾ അവരുടെ പ്രദേശത്തിന്ന

ളുഭചനം വിചാരിച്ചു മാപ്പിള്ളമാൎക്ക ഗൂഢമായി സഹായം ചെയ്ത ശെഷം വെള്ളക്കാരും പൊൎത്തുഗീസരുടെ ശ്രീത്വം നിമിത്തം അസൂയ ഭാവിക്കയും ചെയ്തു —

അതുകൊണ്ടു മാനവെൽ രാജാവ് മുസല്മാനരൊടു പൊൎതുടരെണ്ടതിന്നു ൨ കൂട്ടം കപ്പൽ ഒന്നു ചെങ്കടലിലെക്കും ഒന്നു കെരളത്തിലെക്കും ആകെ ൨൨ കപ്പലുകളെ അയച്ചു ഇവരെ നടത്തുവാൻ ഒരു കപ്പിത്താനും പൊരാ എന്നു കണ്ടു കെരളത്തിലെ പറങ്കികൾക്കു ഒന്നാം രാജ്യാധികാരിയായി ഫ്രാഞ്ചിസ്ക് അൾമൈദ എന്ന വീരനെ നിയൊഗിച്ചു (൧൫൦൫ മാൎച്ച ൨൫) ഒരൊരൊ തുറമുഖങ്ങളെ കൈക്കലാക്കി കൊട്ടകളെ എടുപ്പിച്ചു പറങ്കിനാമത്തിന്റെ കീൎത്തിയും ക്രിസ്തുസത്യവും പരത്തെണം എന്നു കല്പിച്ചു വിട്ടയക്കുകയും ചെയ്തു —

അൾമൈദ (സപ്ത. ൧൩) അഞ്ചുദ്വീപിൽ എത്തിയുടനെ രാജകല്പനപ്രകാരം കൊട്ട കെട്ടുവാൻ തുടങ്ങി — കണ്ണനൂർ കൊച്ചി കൊല്ലം ഇങ്ങനെ അഞ്ചുദ്വീപൊടു കൂടെ ൪ കൊട്ടകളെ കെട്ടിയതിന്റെ ശെഷം അത്രെ വിസൊറെയി (രാജസ്ഥാനത്തുള്ളവൻ) എന്ന പെർ ധരിപ്പാൻ അനുവാദം ഉണ്ടായിരുന്നു — അഞ്ചുദ്വീപിൽ മണ്ണു കിളെക്കുമ്പൊൾ ക്രൂശടയാളമുള്ള കല്ലുകൾ കണ്ടുകിട്ടിയതിനാൽ പണ്ടു ഇവിടെയും ക്രിസ്തുവിശ്വാസികൾ ഉണ്ടായിരുന്നു എന്നു പറങ്കികൾക്കു തൊന്നി — പിന്നെ അൾമൈദ കാങ്കണതീരത്തുള്ള മുസല്മാൻ കപ്പലുകളെ ഓടിച്ചും പിടിച്ചും കൊണ്ടിരിക്കുമ്പൊൾ അടുക്കെ ഉള്ള രാജാക്കന്മാർ ഭയപ്പെട്ടു വളരെ സ്നെഹവും ബഹുമാനവും കാട്ടിക്കൊണ്ടിരുന്നു — അഞ്ചുദ്വീപിന്റെ എതിരെ ഹള്ളിഗംഗയുടെ അഴിമുഖം ഉണ്ടു — ആ നദി തന്നെ മുസല്മാനരുടെ ദക്ഷിണരാജ്യത്തിന്നും ആനഗുന്തിരായരുടെ ഭൂമിക്കും അതിരായിരുന്നു — അഴിമുഖത്തു തന്നെ ചിന്താക്കൊല (ചിന്താക്കൊട — ചിന്താപൂർ) എന്നും കൊട്ടയും ഉണ്ടു — ആയതിനെ ഗൊവയിൽ വാഴുന്ന സബായി വളരെ ഉറപ്പിച്ചപ്പൊൾ നരസിംഹരായരുടെ ഇടവാഴ്ചക്കാരനായ മെൽരാവും കടല്പിടിക്കാർ പ്രമാണിയായ തിമ്മൊയ്യയും അതിനെ പിടിപ്പാൻ ഭാവിച്ചു മുസല്മാനരൊടു ആവതില്ല എന്നു കണ്ട ഉടനെ അൾമൈദയെ അഭയം പ്രാപിച്ചു കാലത്താലെ ൪൦൦൦ ബ്രാഹൻ കപ്പം തരാം നിങ്ങൾ അത്രെ ഇങ്ങെ അതിരിനെ രക്ഷിക്കെണം എന്നു അപെക്ഷിച്ചതു കൊണ്ടു അൾമൈദ ഹൊന്നാവരവാഴിയായ മെൽരാവിന്നധികാരം വിടിച്ചു സമാധാനം വരുത്തുകയും ചെയ്തു —

F. Müller. Editor.

പശ്ചിമൊദയം

൧. നമ്പ്ര. തലശ്ശെരി ൧൮൪൭ ജനുവരി

കെരളപഴമ.

൩൪. കൊഴിക്കൊട്ടിൽ പുതിയ യുദ്ധവട്ടങ്ങൾ

൧൫൨൫ ജനുവരി മെനെസസ് മലയാളത്തിൽ എത്തിയപ്പൊൾ എവിടത്തും പടെക്കൊപ്പിടുന്നതു കാണും കടല്പിടിക്കാരുടെ അതിക്രമം കെട്ടും കൊണ്ടു അതിശയിച്ചു വിചാരിച്ചപ്പൊൾ പറങ്കികൾ കടൽവഴിയാത്രെക്കു ഉപദ്രവങ്ങൾ ചെയ്കയാൽ ചൊനകർക്കു പൊറുപ്പാൻ ആവതല്ലാഞ്ഞു യുദ്ധഭാവം മുഴുത്തുവന്നു എന്നറിഞ്ഞു വിസൊറെയി കൊഴിക്കൊട്ടിൽ ഉറെക്കെ ഒരു നരം താമൂതിരി മരിച്ചിരിക്കുന്നു എന്നും അനന്തരവൻ വാഴ്ച തുടങ്ങിയന്നു തന്നെ പ്രജകളുടെ സങ്കടങ്ങളെ വിചാരിച്ചു പറങ്കികളുടെ ഡംഭത്തിന്നു പ്രതിക്രിയ ചെയ്യും എന്നുള്ള പ്രകാരം കല്പിച്ചു എന്നും കെട്ടു വിഷാദിക്കയും ചെയ്തു — വിസൊറെയുടെ മന്ത്രികളിൽ കസ്ത്രൊ എന്നവൻ ഒരു നാൾ കൊട്ടയെ വിട്ടു കൊഴിക്കൊട്ടങ്ങാടിയെ കാണ്മാൻ പൊയപ്പൊൾ മിലാവിടിക്കാരും മറ്റും ശകാരിച്ചു തുടങ്ങി അവൻ വിൾ വാങ്ങി പൊകുമ്പൊൾ കല്ലെറിഞ്ഞു മിലവണിക്കാരെ മുറിയെല്പിച്ചും പടിഞ്ഞാറ്റ ഒശകന്നെഴിച്ചും കടങ്ങൾ ഏറിയ കൊട്ടങ്ങളും വിണ്ടടൻ കൊട്ടെക്കു ഓടിവരികയും ചെയ്തു — എങ്ങിനെ എങ്കിലും പടന്നുതന്നെ എന്നു വിസൊറെയി വിചാരിച്ചു ഒന്നും കൂട്ടാക്കാതെ സകല കപ്പലൊടും കൂട കൊച്ചിക്കൊടി സ്വരൊനപാക്കുകയും ചെയ്തു — അപ്പൊൾ മാപ്പിള്ളമാർ ധൈര്യം മുഴുത്തു കൊച്ചിപ്പുഴക്കിൽ കൂടെ പ്രവെശിച്ചു പടകുകളെ ഒട്ടിക്കയും പറങ്കികളെ കൊന്നും കൊണ്ടു ഒടുകയും ചെയ്തു — അതിനെയും മെനെസസ് കരുതാതെ മിക്കവാറും കപ്പലുകളെ കൂട്ടിക്കൊണ്ടു ഹൊർമുസ്സിൽ നിന്നു മലയാളതീരത്തിലെ വിചാരണയെ സഹൊദരനിൽ ഏല്പിച്ചു - വിടുകയും ചെയ്തു — അന്നു കൊഴിക്കൊട്ടുകൊട്ടയിൽ ജൂവാൻ ലിമ എന്നൊരു ശൂരൻ പ്രധാനിയാകുന്നു — അയവൻ മാപ്പിള്ളമാർ പുഴതൊറും പടെക്കു വട്ടം കൂട്ടി പടകുകൾ ഒരുങ്ങുന്നതല്ലാതെ മക്കത്തെ കപ്പൽ വട

കപ്പക്ക കൊച്ചിയിൽനിന്നയച്ചു പൊകുന്നതൊന്നും കെട്ടു മെനെസസ് ചൊയിപ്പി
ച്ചപ്പൊൾ ആയവൻ തട്ടത്തിൽ ലീമ കൊത്തനത്തയച്ചത്രമില്ല ൧൫൨൪ ഇടവ
മാസത്തിൽ താനൂർ കിഴക്കെ കുട്ടിയാലി മരക്കാരെയും പടകുകളെയും കത്തിച്ചത്ര
ഉള്ളത് അതുകെട്ടിട്ട ചങ്ങാതമായിട്ടുള്ള അറവി ചൊകത്ത അയച്ചു. ശെഷം ൬൦ പടക
ളിട്ടും കൂടെ കൊഴിക്കൊട്ട കൊട്ടയുടെ തുക്കിൽ വന്നവെടി വെപ്പാൻ തുടങ്ങുകയും
ചെയ്തു — അവനെ ചെതപ്പെട്ടത്തിനിക്കപ്പൊൾ ലീമ താമൂതിരിയൊട്ട ഇത്
എന്നൊരു നെരു ഞാനവകാശിച്ചിട്ടുണ്ട കൊട്ട് ഒന്നുമാകുന്നതൊദിച്ചപ്പൊൾ നല്ല
ഉത്തരം ഒന്നും ഉണ്ടായില്ല — ഒരു നായർ വന്ന ലീമയെ കുത്തി കൊല്ലുവാൻ
ഭാവിച്ചതും ചെറുതെയായപ്പൊൾ പറങ്കികൾ ദെശത്തിൽ ൬൦ പടകുകളെയും
താമൂതിരിയെയും രണ്ടുനൂറാളെയും മാപ്പിള്ളമാരെയും നശിപ്പിച്ചു കൊന്നു — അത്
കഴിഞ്ഞശെഷം നിഴല്ലൂർ വാനീലീമ കപ്പിത്താൻ സൊറെസിൻ കല്പനയിന്മെൽ ഒരു
ദെശം മനസ്സാ ചെന്നിരുന്ന് ചൊതിർ ക്രിസ്ത്യാനിക്കാരെ പറഞ്ഞു
പൊകുന്നാസംഗതിയാൽ അവരുടെ രക്ഷക്കായി പട്ടാളം കൂട്ടുകൊണ്ടു
വന്നു — അതിനാൽ പട്ടണം അന്നെരം കാലത്തെ ചൊനകന്മാർ കലഹിച്ചുകൊണ്ട
അതിക്രമിച്ചുവരായപ്പൊൾ താമൂതിരി ചിലദിവസം താമസിച്ചതിന്റെ ശെഷം
പെരിക്രൊമ്പ്യുടെ അധികാരപ്പെട്ട ചുങ്കം പാട്ടപ്പാട്ടവും ഒന്നാകെ കൊണ്ടുവന്ന
നിശ്ചയിച്ചകത്തിൽ നിയമിച്ചനായന്മാർ ലീമയെ കാക്കാൻ വന്നു മുട്ടുകയെ
കയ മതൊദിച്ചുരാജാവിന്റെയാൽ പറങ്കിക്കുകത്തിൽ നിന്നകഴിഞ്ഞു നിർത്തുകയും
ചെയ്തു — കൊട്ടയുടെ നെരെ പടത്തുണ്ടായില്ലതാനും — ചൊനകർ മുമ്പെ
നാഥന്നെ കൊട്ടുങ്ങല്ലൂരിലെ നസ്രാണികളെ പിടിപ്പാൻ ഉള്ളുപായം വിചാ
രിച്ചു കൊണ്ടു യുദ്ധഭാവം മറെച്ചുവച്ചത് — അതു സമയത്തു നാം മാപ്പിള്ളമാ
രും മുമ്പെ മുളക കിട്ടില്ല പൊൾ നല്ലവണ്ണം ഉണ്ടാകാതെ കണ്ടും മനൊൽ മുതലെ
പക്ഷം കൊട്ടക്കാൽ ഗവണ്ണർ അവരെ നിക്കിക്കച്ചവട വിചാരണ ഒക്ക
യും സുറിയാനികളിൽ പള്ളിച്ചിട്ടിരുന്നത കൊണ്ടത്രെ അവരിൽ വൈരം ഭാവിച്ചത് —

൩൫ — ഗാമ മൂന്നാമത്തും മലയാളത്തിൽ വന്നത് —

ഇങ്ങിനെ ഇരിക്കുമ്പൊൾ വൃദ്ധനായ ഗാമ തന്നെ വിസൊറെയി സ്ഥാനം

ദുല്ലസ്രെദ്ധ്യസ പ്രസ്ത്യ ഗൊവെക്കവന്നകടല്പിടിക്കാരരെ ഷെന്റിട്ടത്തും ഒട്ടക
വാണം കാഴ്ചക്രമം വരുത്തുവാനും വഴ്ക്കാക്കൊമാരെന്റിയൊഗിച്ചു കണ്ണനൂർക്ക
ടിക്കൊവത്തിന്റെയെകണ്ടുനിങ്ങൾ പുമ്പാല ഹസ്സാൻ എന്നവരുള്ളതൊക്കെയിടനെക്ക
ല്ലിക്കണം എന്നചൊദിച്ചു ഭയം വരുത്തി നൊനസരിച്ചിച്ചുണ്ടാക്കുള്ളൾ
മുസ്ലിന്നെ കണ്ണനൂർകൊട്ടയിൽ അടച്ചുവെച്ചു പൊക്കിന്റെ കത്രസ്തു കൊച്ചി
യിൽ എത്തുകയും ചെയ്തു— പറങ്കി വിനൊത്തിൽ മുമ്പിൽ തന്നെ വന്ന പ്രകാരം
കൊട്ടാരെനാട്ടു തൊറും ഞങ്ങൾക്കി ഭയം ഉണ്ടാക്കി— എങ്കിലും പറങ്കികൾക്കു ടങ്ങളുടെ
മിനിന്റെ പ്രസാദം കൂടെ ഇല്ലാഞ്ഞു— അവൻ ദയ അറിയാത്തകനെ ഭാ
വമുള്ളവൻ എന്നു പ്രസിദ്ധം തന്നെ— ഗൊവയിൽ ഒരു സ്ത്രീയെക്കെ
ട്ടിട്ടിരിക്കുന്നു— ഞാൻ അവകളുന്നും വെണ്ടാത്ത സ്ത്രീ ഉണ്ടായില്ലെങ്കിലെകാ
ക്ഷന്ത്രിയസ്ഥിതി ഉണ്ടാവു എന്ന ഗാമയുടെ പക്ഷം— അതുകൊണ്ടു പറങ്കി
കൾ പാലിക്കും ഇവിടെ ക്ഷമയില്ലവയ്യാ ഗുസി പട്ടാണപ്പണികൾ എത്രയും അ
ച്ചു കൊട്ടക്കകത്തിന്നു ചൊഴമണ്ഡലത്തും മറ്റും വാങ്ങിച്ചവർ ചൊല്ലി
ൽ ക്രിയ ചൊകയും ചെയ്തു— ഗാമ ഏത്തും പൊൾ തന്നെ രൊഗിയായവരെയും കൊ
ഴിക്കൊട്ടക്കാർസഹായെ സ്ഥലങ്ങളുമായി ഇത്തണ്ടുപ്പാൻ അയച്ചു അവനെ കൊ
ണ്ടുകൂട്ടിയാളിയെഴുതിച്ചിച്ചു— കാട്ടു കാട്ടുന്നുസ്സ അവനൊടും എറ്റുപന്ത
ലാൻ കൊല്ലത്തൊളം നീക്കിയശെഷം പിറ്റെ ദിവസം കണ്ണനൂർക്കാരെ കൂടി
യപ്പൊൾ ചൊന്ന കാർ അവിടെക്കരെക്കാണെ അതുപടകാഴെല്ലാം വിട്ടു പൊകയും
ചെയ്തു— അക്കാലത്തു കണ്ടൊറെ കണ്ണനൂർ മാപ്പിള്ളമാരും അടച്ചുകൊലത്തിരി
യുദ്ധവിചാരം ഉപെക്ഷിച്ചു കൊട്ടയിലുള്ള പറങ്കികൾക്കു സമ്മാനവും കുശലവാ
ക്കും അയച്ചുകൊടുത്തു— ഗൊവയുടെ തൂക്കിൽ ജൊൺ ഡെല്ല്യ എന്ന ഒരു
യുവാവു മിന്ന കട്ടിയാളിയൊടു എറ്റു ജയിക്കയും ചെയ്തു— അതുകൊണ്ടു കൊ
ഴിക്കൊട്ടെ കൊട്ടക്കരികിൽ പൊർ ഒന്നും ഉണ്ടായില്ല— മെനെസസ് വൊച്ച
ക്കെ വിട്ടു ദശന്ത്രിൽ കൊച്ചിയിൽ എത്തിയാറെ ഗാമയുടെ രൊഗം കണ്ടു കാഴ്ച
വിചാരം അവനിൽ ഏല്പിച്ചുപൊൻ മനസ്സിലാക്കി ഇട്ടും ഗാമ അവനെ നിശ്ചയി
ച്ചനുസരിച്ചിച്ചു ഞാൻ മരിച്ചാൽ രാജമുദ്രയുള്ള പത്രം അഴിച്ചു വായിച്ചു നട

ത്തെണം എന്നു സമ്പാദ്യക്കാരോടു കല്പിച്ചു പള്ളിക്കൂടാദി പ്രകാരങ്ങ
ന്ത്യാദി വിശേഷം കാണ്മാൻ ക്രിസ്ത. ദേശം. ഇ. സമരിക്കയും ചെയ്തു — കൊച്ചിവ
ഴിയ പള്ളിയിൽ അവന്റെ ശവം സംസ്കരിച്ച ശേഷം മകനും മെനെസസും ത
മ്മിൽ വൈരം ഭാവിച്ചു പറങ്കികളിൽ വലുതുണ്ടായിരിക്കും കുറെപ്പാൻ ഭാവി
ച്ചപ്പോൾ സമ്പാദ്യക്കാരിൽ പ്രയത്നം ചെയ്തു — രണ്ടു വകക്കാരെയും പൊരുത്ത
പ്പെടുത്തു സമാധാനം രക്ഷിച്ചു — രാജ്ഞെ പത്രം തുറന്നു നോക്കിയാറെ ഗാമെക്കു അവ
കാശം വരികിൽ മെനെസസ് കുടുംബത്തിൽ ഹെന്ത്രി എന്നവൻ തന്നെ വിസോ
റയി ആക എന്നു കണ്ടപ്പോൾ ഉടനെ മെനെസസ് പ്രഭുക്കന്മാരെ ഉപ
പൊൎത്തുഗാലിന്നാമാറു പുറപ്പെട്ടു പൊയി കൊച്ചിയിലുള്ള പറങ്കികൾ അ
ന്തം ചിലൎക്കു ഇളെക്കയും ചെയ്തു —

ഭൂമിശാസ്ത്രം

൩. തെക്കുപടിഞ്ഞാറെ ആസ്യ തുടൎച്ച

അറവി അൎദ്ധദ്വീപിൽ പരവാന്തരങ്ങളും നദികളും ഇല്ല പൎവ്വതങ്ങളുടെ
അവസ്ഥയൊ കിഴക്കും തെക്കും പടിഞ്ഞാറും അതിരുകളിലെ കടപ്പുറസമീ
പം ഉയരം കുറഞ്ഞ തടങ്ങളിൽ നില്ക്കുന്ന പ്രകാരമെ അറിയുന്നുള്ളു — നദികൾ
ഇല്ലാത്തതുകൊണ്ടു ദേശം മിക്കവാറും വറണ്ടുകിടക്കുന്നു — വനമൃഗങ്ങളോ കൃഷിയോ
ന്തി കച്ചവടം മുതലായ തൊഴിലുകളിൽ രസം തോന്നായ്കയാൽ ശുഭ
നാടുകളെയും ജനപുഷ്ടിയേറിയ നഗരങ്ങളെയും അവിടെ അന്വെഷിക്ക
ണ്ടാ — പ്രഥമഭാവം ദേശാന്തരത്തിൽ അവിടെനിന്നു അടിപിച്ചുവന്നു മുസല്മാൻ മാൎഗ്ഗം
ഏറ്റുന്നം തെക്കിൽ ഉത്ഭവിക്കുന്നു — നിവാസികൾ മദ്ധ്യം പണ്ടു പണ്ടെ അവിടെ വ
സിച്ചു വരുന്ന അറവിഗോത്രങ്ങളും — കാലക്രമെണ അതിനോടു ചെൎന്നുകൂടിയെ
ഇശ്മയെലിന്റെ സന്തതികളും തന്നെ — സൎവ്വനിവാസികളുടെ എ
ണ്ണം ഏകദേശം ൧ കോടിയിൽ പരം ൨൦ ലക്ഷം — അറവി അൎദ്ധദ്വീപിൽ വി
സ്താരവും ഉയൎച്ചയുമുള്ള രാജ്യങ്ങൾ ഉണ്ടെന്നു കേവലം പറഞ്ഞുകൂടാ — മിക്കവാറും
ദിക്കുകളിൽ നിവാസികൾ താന്താങ്ങടെ ശിഖരെയും എമീരിനെയും അനുസ
രിച്ചു നടക്കുന്നു — മിസ്രപാഷാവിന്നും തുൎക്ക സുല്ത്താന്നും ചില അംശങ്ങളിൽ മെ

ൽകൊള്ളുസ്ഥാനം ഉണ്ടെങ്കിലും അവിടത്തെ എമീർസ്ഥാനക്കാർ സ്വൈരമായി വാണു
കൊള്ളാൻ തടവു ഒന്നും ഇല്ല- തെക്കും കിഴക്കുമുള്ള അംശങ്ങളിൽ മാത്രം മെ
ൽകോയ്മ ഇല്ലാത്ത പല സംസ്ഥാനങ്ങൾ ഉണ്ടു- നടുവംശത്തിൽ എകദെ
ശം ൧൭൫൦ാം ക്രി- അ- വഹാബ്യർ എന്ന ഒരു പുതിയ മുസല്മാൻപക്ഷം ഉദിച്ചു
കുറാനിൽ എഴുതികിടക്കുന്നതല്ലാതെ കണ്ടു ഒന്നും പ്രമാണിക്കെണ്ടതല്ലെ
ന്നും പ്രപഞ്ചകാൎയ്യങ്ങളിൽ നബിക്കു അധികാരം എത്രയും ഇല്ലെന്നും ഉപദെശി
ച്ചു ക്രട• ക്രമെ ചുറ്റുമുള്ള നാടുകളെ അതിക്രമിച്ചു മക്കാ മദീനാ നഗരങ്ങളെ
യും കൈക്കൽ ആക്കി മിസ്രനാടും പിടിച്ചടക്കുവാൻ ഭാവിച്ചപ്പൊൾ മുഹമ്മ
ദ് അലി പാഷാ സൈന്യങ്ങളെ ചെൎത്തു പുറപ്പെട്ടു ൧൮൧൧ാം ക്രി- അ- അവ
രൊടു പൊരുതു ജയിച്ചു തന്റെ പുത്രനായ ഇബ്രാഹിം പാഷാവെക്കൊണ്ടു
അവരെ മക്കാ മദീനാ മുതലായ നഗരങ്ങളിൽനിന്നു ആട്ടി കളയിച്ചു ൧൮൧൮ാം
ക്രി- അ- അവരുടെ പ്രധാനപട്ടണമായ ദ്രക്കാ കൈക്കൽ ആക്കി നശിപ്പി
ച്ചു പുത്രമതക്കാരെ ഒക്കവാറും നിഗ്രഹിക്കയും ചെയ്തു- അന്നതൊട്ടു നടു
അംശത്തിന്റെ അവസ്ഥ എങ്ങിനെ എന്നറിയുന്നില്ല—

പടിഞ്ഞാറെ അംശം ചെങ്കടലിന്റെ കിഴക്കെ കടപ്പുറം ആകുന്നു അതി
ന്റെ വടക്കെ പാതിക്കു ഹെജാസ്സ് എന്ന പെർ- മക്കാ മദീനാ നഗരങ്ങൾ അതി
ൽ ഇരിക്ക കൊണ്ടു ആ നാടു അന്നെ സൎവ്വ മുസല്മാനൎക്കും മുഖ്യം- എല്ലാ ഖണ്ഡങ്ങ
ളിൽനിന്നും കൊല്ലം തൊറും എറിയ നബിസെവികൾ ആത്മരക്ഷക്കായി
ഭയഭക്തിയൊടെ മുഹമ്മതിന്റെ ജന്മപട്ടണമായ മക്കത്തും അവന്റെ
അസ്ഥികളെ സൂക്ഷിച്ചുവെച്ച മദീനത്തിലും ഉള്ളൊരൊ സെവിസ്ഥാനം
വിശുദ്ധവിശെഷങ്ങളെ കാണ്മാനും ചെല്ലുമാറുണ്ടു- ആ സംഗതിയാൽ അ
വിടെ നടന്നുവരുന്ന കച്ചവടം അല്പം അല്ല- നിവാസികളുടെ സംഖ്യ മക്ക
ത്തു ൫൦൦൦൦- മദീനത്തിൽ ൧൨൦൦൦ അത്രെ- തെക്കെ പാതിക്കു യെമൻ- എന്ന
പെർ- അതിൽ മുഖ്യസ്ഥലം ബാബൽമന്ദബ് എന്ന ഇടുക്കടലിന്റെ സമീ
പമുള്ള മൊഖാ പട്ടണം ൧൭൦൦൦ നിവാസികൾ അവരുടെ മുഖ്യപ്രവൃത്തി കാ
പ്പികച്ചവടം ഇങ്ക്ലിഷ്കാർ പിടിച്ചടക്കിയ അദെൻ തെക്കെ കടപ്പുറത്തുള്ള

ഒരുപാറയത്രെ ആകുന്നു— തെക്കിഴക്കെ അംശത്തിന്നു ഹദ്രമൌത്ത എന്നും ഒമൻ എന്നും പെരുകൾ ഉണ്ടു— അതു മിക്കതും മസ്ക്കത്ത് നഗരത്തിൽ വസിച്ചുവരുന്ന ഇമാമിന്റെ സ്വാധീനത്തിൽ ഇരിക്കുന്നു— പാൎസ്യ ഇടക്കടലിലെ ഹൊൎമ്മുസ്സ് മുതലായ ചില തുരുത്തികളും ഇഹാൻ ദെശത്തിന്റെ തെക്കെ കടപ്പുറത്തെ ചില അംശങ്ങളും അഫ്രിക്കാഖണ്ഡത്തിന്റെ കിഴക്കെ കടപ്പുറത്തെ ചില ദെശങ്ങളും തുരുത്തികളും അവന്റെ രാജ്യത്തിൽ അടങ്ങിയിരിക്കുന്നു— കിഴക്കെ അംശമായ ലാസാഹ എന്ന പാൎസ്യ ഇടക്കടൽപുറത്തു അറവിക്കടൽ കള്ളന്മാരുടെ വാസം അത്രെ ആകുന്നു— അതിന്നടുത്ത ബാഹറൈൻ തുരുത്തികളിലെ മുഖ്യമായ ഉല്പത്തി മുത്തുച്ചിപ്പി തന്നെ—

F. Muller. Editor.

4.

Archivfilm
vorhanden

4.-

„Indische Zeitung." [illegible]

പശ്ചിമോദയം

നമ്പ്ര ഒന്നിന്ന | ഡെസെമ്പ്ര

൧ാം നമ്പ്ര | തലശ്ശെരി | ൧൮൪൭. അകൊട്ടെ

വെളിച്ചം പൂൎവ്വദിക്കിൽനിന്ന മാത്രമല്ല പശ്ചിമത്തിൽനിന്നും വരുന്നത ... തന്നെ - ഈ കേരളം ദൈവവശാൽ ഇങ്ക്ലിഷ്ക്കാൎക്ക അധീനമായി വന്നതിനാലൊ ... നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറിൽനിന്ന ഇങ്ങൊട്ടു ക... വരുവാൻ ഒരു പാലം ഉണ്ടായിരിക്കുന്നു - ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും ... കെ വിലാത്തിയിൽ നടക്കുന്നവ പലതും ഉണ്ടു - രണ്ടുവകെക്കും തമ്മിൽ വളരെ ഭേദം ... താനും - പരമാത്മാ ജീവാത്മാക്കൾ തുടങ്ങിയുള്ള മതമൊപദെശങ്ങളെ ധ്യാനിച്ചു ഒരൊന്ന ... ദുണ്ടായി ഇവ്വ ശ്ലൊകങ്ങളെ ഉപമെച്ചു വിദ്വാന്മാരെ രസിപ്പിക്കുന്നത ഇന്ത്യ ജ്ഞാ... ത്തിൽ മൎയ്യാദ തന്നെ - കാലദേശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു കുട്ടികളു... ഉപകാരത്തിന്നായി ഗദ്യമായി പറയുന്നത വിലാത്തി ജ്ഞാനത്തിന്റെ ലക്ഷണമ... ഈവക വായിപ്പാൻ ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തൊറും വിലാത്... ശാസ്ത്രങ്ങളിൽനിന്ന പറവുന്നത ഒരൊന്ന എടുത്ത ഇങ്ക്ലിഷിൽ കാണിച്ച മാതിരിയെ... മലയാളികൾക്ക തൊന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ള... ക്കയക്കുകയും ചെയ്യും - വില ഒരു വൎഷത്തിന്ന അരരൂപിക -

ജ്യോതിഷവിദ്യ

ന ശാസ്ത്രങ്ങളിലും നല്ല കലാജ്ഞാനങ്ങളിലും പ്രധാനമാകുന്നത എന്ന ഈ രാജ്യക്കാര... വലരും പറയുന്നു - ജ്യൊതിഷമെന്നതു വെളിച്ചം തന്നെ - ജ്യോതിഷമൊ കണ്ണാലെ കാണ... ന്ന ഗ്രഹങ്ങൾ മുതലായ വാനമീനുകളുടെ അറിവാകുന്നു - അതല്ലാതെ

സൎവ്വലാവണ്യം നല്കും താരകാധിപൻ നൂനം
സൎവ്വ ശൊകങ്ങളെയും കളയും ദിനാധിപൻ

എന്നൊരു പാട്ടിൽ കെൾക്കുന്നതു പൊലെ വണ്ടു പലരാജ്യക്കാരും ഒരൊ ഗ്രഹങ്ങ... ങ്ങൾ മനുഷ്യൎക്ക വരുന്നത നക്ഷത്രങ്ങളുടെ കടാക്ഷബലത്താൽ തന്നെ എന്ന നിശ്ചയി...